**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4856** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഫയലുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ/അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാൻ 2020 വരെ കൃത്യമായി ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ/അപേക്ഷകൾ തീർപ്പാക്കിയിരുന്നു. 2021 ൽ ഫയൽ അദാലത്ത് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഡയറക്ടറേറ്റിൽ ഫയലുകൾ/അപേക്ഷകൾ പരമാവധി എത്ര സമയം ഒരു ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കാം എന്നതു സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഓഫീസ് നടപടികൾ സംബന്ധിച്ചുള്ള മാന്വൽ പ്രകാരം ഒരു തപാൽ ലഭ്യമായി പരമാവധി അഞ്ച് ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥതലത്തിൽ ഈ നിബന്ധന പാലിക്കുന്നതിന് കാലാകാലങ്ങളിൽ നിർദ്ദേശം നല്കിവരുന്നു. |
| (സി) | ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്. ലെ എൽ.പി.എസ്.എ. ആയ ശ്രീ.ഷിജു. റ്റി.കെ. യുടെ പലിശ രഹിത ചികിത്സ വായ്പ സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നത് ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്. ലെ എൽ.പി.എസ്.എ. ആയ ശ്രീ.ഷിജു. റ്റി.കെ. യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച അപേക്ഷയാണ്. പലിശ രഹിത ചികിത്സ വായ്പ സംബന്ധിച്ച വിഷയമല്ല. മേൽ അപേക്ഷയിൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കി ടിയാന് പലിശ രഹിത ചികിത്സാ വായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ